<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 220</u> <u>29-01-2024 - ൽ മറുപടിയ്ക്ക്</u>

<u>പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ വികസനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണ് നിലവിൽ നടന്നുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി 04.05.2019 ലെ സ.ഉ(സാധാ)നം. 1040/2019/ആ.കു.വ പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ആശുപത്രിയ്ക്ക് സമീപമുള്ള സി.കെ.ജി.എം.കോളേജിന്റെ 2 ഏക്കർ ഭൂമി വിട്ടുകിട്ടിയെങ്കിൽ മാത്രമേ കെട്ടിട നിർമ്മാണം സാധ്യമാകുകയുള്ളൂ. സ്ഥലം വിട്ടുകിട്ടുന്നതിനായി ആരോഗ്യ വകുപ്പിന്റെയും കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്ത സമിതി സ്ഥലം സന്ദർശിച്ചിരുന്നു. കൊയിലാണ്ടി തഹൽസിദാർ തയ്യാറാക്കിയ സർവ്വേ പ്ലാൻ ഭൂമി വിട്ടു കിട്ടുന്നതിനായി സി.കെ.ജി.എം.കോളേജ് പ്രിൻസിപ്പാളിന് നൽകിയിട്ടുണ്ട്. സർവ്വേ പ്ലാൻ പ്രകാരം ഭൂമി കൈമാറുന്നതിനുള്ള നിരാക്ഷേപ പത്രം കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ലഭിക്കേണ്ടതായിട്ടുണ്ട്. |
| (ബി) | ആശുപത്രിയുടെ വികസനത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള പേരാമ്പ്ര സി.കെ.ജി.എം. കോളേജിന്റെ രണ്ട് ഏക്കർ സ്ഥലം കൈമാറിക്കിട്ടുന്നതിനുള്ള എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയെന്ന് വിശദമാക്കാമോ? | (ബി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ